A

शिक्षा का अधिकार
सर्व शिक्षा अभियान
सब पढ़ें सब बढ़ें

712

# ഒന്നാം പാദവാർഷിക മൂല്യനിർണയം 2016–17

## മലയാളം

ക്ലാസ്സ് : 7

## അടിസ്ഥാനപാഠാവലി

സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

പ്രവർത്തനം 1

സഹോദര സ്നേഹത്തിന്റെ നിഷ്കളങ്കഭാവം പകർന്നുതരുന്ന കവിതയാണല്ലോ ഇടശ്ശേരിയുടെ കൊച്ചനുജൻ. നമുക്കുമുണ്ടാവും ഇത്തരം അനുഭവങ്ങൾ. നിങ്ങളേറെ ഇഷ്ടപ്പെടുന്ന മാതാപിതാക്കളെക്കുറിച്ച് പറയാനാവശ്യപ്പെട്ടാൽ നിങ്ങളെന്തൊക്കെയായിരിക്കും ഓർത്തെടുക്കുക? നമുക്കൊരു കവിത വായിക്കാം.

**അച്ഛനും അമ്മയും**

അമ്മതൻ മാറത്തു പറ്റിക്കിടക്കുമ്പോ-
ളാശ്വാസത്തിന്നതിരില്ല.
അച്ഛന്റെ മടിയിലിരിക്കും നേര-
ത്തഭിമാനത്തിന്നളവില്ല.

അന്തിക്കു പൂനിലാവുണ്ടായിത്തീരുന്ന-
തമ്മിഞ്ഞപ്പാലിൽ നിന്നാണല്ലോ
അന്തിക്കു മാനത്തു മിന്നുന്ന നക്ഷത്ര-
മമ്മതൻ കണ്ണുനീരാണല്ലോ.

അമ്മതൻ മാറത്തു പറ്റിക്കിടക്കുമ്പോ-
ളാശ്വാസത്തിന്നതിരില്ല.
അച്ഛന്റെ മടിയിലിരിക്കും നേര-
ത്തഭിമാനത്തിന്നളവില്ല.

പുലർക്കാലത്തിളവെയിലൂറുന്നതച്ഛന്റെ
പുഞ്ചിരിയിങ്കൽ നിന്നാണല്ലോ
ഉച്ചയ്ക്കാ വെയ്‌ലിന് ചൂടുണ്ടായ്ത്തീരുന്ന-
തച്ഛന്റെ ചിന്ത കൊണ്ടാണല്ലോ

അമ്മതൻ മാറത്തു പറ്റിക്കിടക്കുമ്പോ-
ളാശ്വാസത്തിന്നതിരില്ല.
അച്ഛന്റെ മടിയിലിരിക്കും നേര-
ത്തഭിമാനത്തിന്നളവില്ല.

*- അക്കിത്തം*

- അച്ഛനേയും അമ്മയേയും കുറിച്ചു നിങ്ങൾ പറയാനാഗ്രഹിച്ചതാണോ കവി പറയുന്നത്?
- എപ്പോഴാണ് കവിക്ക് ആശ്വാസവും അഭിമാനവും ഉണ്ടാകുന്നത്?
- എന്തിനാണ് ചില വരികൾ കവിതയിൽ ആവർത്തിക്കുന്നത്?
- അമ്മ സുരക്ഷിതത്വവും അച്ഛൻ തണലുമേകുന്നുവെന്ന് കവി എങ്ങനെയാണ് അവതരിപ്പിക്കുന്നത്?
- അന്തി, പുലർകാലം, ഉച്ച എന്നീ സമയ സൂചനകളെ കവി എങ്ങനെയാണ് പ്രയോജനപ്പെടുത്തിയിരിക്കുന്നത്?

എ. മുകളിലെ ചോദ്യങ്ങൾ ഉപയോഗപ്പെടുത്തി ഒരു ആസ്വാദനക്കുറിപ്പ് തയാറാക്കുക. ഇതുമായി ബന്ധപ്പെട്ട സ്വന്തം അനുഭവങ്ങൾ, നിരീക്ഷണങ്ങൾ, വായനാനുഭവങ്ങൾ എന്നിവ ഉൾപ്പെടുത്തുമല്ലോ. സമാന കവിതകൾ പ്രയോജനപ്പെടുത്താം. തുടക്കവും ഒടുക്കവും നന്നാക്കണം. കവിതയുടെ സാമൂഹ്യപ്രസക്തി സൂചിപ്പിക്കണം. (ഒന്നര പേജിൽ കവിയരുത്).

പ്രവർത്തനം 2

രവീന്ദ്രനാഥ ടാഗോർ കുട്ടികളോടു പറഞ്ഞ ഒരു കഥ വായിക്കാം.

"ഒരിക്കൽ സൂര്യൻ എല്ലാ ഗ്രഹങ്ങളോടുമായി ചോദിച്ചു. ഞാൻ അസ്തമിക്കുകയാണ്. നിങ്ങൾക്കാർക്കെങ്കിലും ഭൂമിയിലേക്ക് വെളിച്ചം പകരാമോ?"

'ഞങ്ങളുടെ കയ്യിൽ വെളിച്ചമില്ലല്ലോ'. ഗ്രഹങ്ങൾ സങ്കടത്തോടെ പറഞ്ഞു. ഞങ്ങൾക്ക് വെളിച്ചമുണ്ടെങ്കിലും ഞങ്ങൾ വളരെ ദൂരെയാണെന്ന് നക്ഷത്രങ്ങൾ പ്രതികരിച്ചു.

സൂര്യൻ അസ്തമിച്ചു. അങ്ങകലെ നിന്ന് നക്ഷത്രങ്ങൾ വെളിച്ചം കാണിക്കാൻ തുടങ്ങി. നിർഭാഗ്യവശാൽ നക്ഷത്രങ്ങളെ കാർമേഘം വന്നുമൂടി. ഇതുകണ്ട ചന്ദ്രൻ പറഞ്ഞു. "എന്റെ കയ്യിൽ വെളിച്ചമില്ലെങ്കിലും സൂര്യനിൽ നിന്ന് കടമെടുത്ത ഇത്തിരി വെട്ടമുണ്ട്. ആ വെട്ടം നിലാവു പോലെ ഭൂമിയിലേക്ക് പൊഴിക്കാം." എന്നാൽ ഇതും അധികനേരം നീണ്ടുനിന്നില്ല. കൂറ്റൻ മേഘം ചന്ദ്രനേയും മറച്ചു.

"ഇതാ എന്നെയും മേഘപടലങ്ങൾ വിഴുങ്ങുന്നു. ആരാണിനി ഭൂമിക്ക് ഇത്തിരി വെട്ടം കൊടുക്കുക?" ആരും മിണ്ടിയില്ല. ഉത്തരമില്ലാത്ത ആ ചോദ്യം അന്തരീക്ഷത്തിൽ അലഞ്ഞുനടന്നു. പച്ചിലപ്പൊത്തിലിരുന്ന് ഇതുകേട്ട ഒരു മിന്നാമിനുങ്ങ് പറന്നുയർന്നുകൊണ്ട് ഉറക്കെ വിളിച്ചുപറഞ്ഞു:

'എന്റെ കയ്യിൽ വെളിച്ചമുണ്ട്. ഇരുട്ടു പരന്ന ഈ ലോകത്തിലേക്കു പകർന്നുതരാം എന്റെ ഈ ഇത്തിരിവെട്ടം.'

മിന്നാമിനുങ്ങുകൾ കൂട്ടത്തോടെ പറന്നുയർന്നു. നാട്ടുവെളിച്ചം ഭൂമിയിൽ നിറഞ്ഞു. കഥ അവസാനിപ്പിച്ച് ടാഗോർ കുട്ടികളോടു ചോദിച്ചു. "സൂര്യനോളം വലുതല്ലെങ്കിലും മിന്നാമിനുങ്ങിനോളം ചെറുതല്ലാത്ത ഒരു വെട്ടം നമ്മളോരോരുത്തരുടേയും ഇടനെഞ്ചിലില്ലേ?

കെ.പി. കേശവമേനോൻ എഴുതിയ 'നമ്മുടെ ലോകം നാം സൃഷ്ടിക്കുന്നു' എന്ന പാഠഭാഗം വായിച്ചല്ലോ. "ഇരുട്ടടഞ്ഞ ലോകത്തിൽ ഒരാൾക്ക് തന്റെ മനപ്രകാശത്തിന്റെ സഹായത്തോടെ മുന്നോട്ടുപോകാൻ സാധിക്കുന്നു. മനസ്സിൽ വെളിച്ചമില്ലാത്ത മറ്റൊരാളാവട്ടെ പകൽവെളിച്ചത്തിൽ പോലും വഴി കാണാതെ നട്ടം തിരിയുന്നു."

- ടാഗോർ പറഞ്ഞ കഥയുടെ സന്ദേശം
- ടാഗോറിന്റെ കഥയും കേശവമേനോന്റെ അഭിപ്രായവും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ?
- മറ്റുള്ളവർക്ക് വെളിച്ചമേകുക എന്നാലെന്താണ്?

എ. വിശകലനക്കുറിപ്പ്

ടാഗോറിന്റെ കഥയും മുകളിലെ ചോദ്യങ്ങളും പ്രയോജനപ്പെടുത്തി കേശവമേനോന്റെ അഭിപ്രായം വിശകലനം ചെയ്ത് ഒരു കുറിപ്പു തയ്യാറാക്കുക. ഒരു പേജിൽ കവിയരുത്. നിങ്ങളുടെ ജീവിതം മറ്റുള്ളവർക്ക് വെളിച്ചമേകിയ അനുഭവങ്ങൾ, സമാന വായനാനുഭവങ്ങൾ എന്നിവ പ്രയോജനപ്പെടുത്താം.

ബി. എവിടെ നാം പാർക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നുവോ അതാണ് നമ്മുടെ ലോകമെന്നും പരിസരങ്ങളും പാരമ്പര്യങ്ങളുമാണ് ഈ ലോകത്തെ രൂപപ്പെടുത്തുന്നത് എന്നുമാണ് ഇതുവരെ ശാസ്ത്രജ്ഞന്മാർ വാദിച്ചിരുന്നത്.

- ഈ വാക്യത്തിൽ ആവശ്യമായ ചിഹ്നങ്ങൾ ചേർത്തെഴുതുക.

പ്രവർത്തനം 3

എ. കഥാകൃത്തിന് ഒരു കടയിൽ വെച്ചുണ്ടായ ഒരനുഭവമാണല്ലോ അശ്വതി എന്ന കഥയിലേക്ക് നയിച്ചത്. ഇത്തരം അനുഭവങ്ങൾ നിങ്ങൾക്കുമുണ്ടാകുമല്ലോ. ഓർമ്മിക്കാനും പങ്കുവെക്കാനും ആഗ്രഹിക്കുന്ന ഒരനുഭവത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക. ഒരു പുറത്തിൽ കവിയരുത്.

നല്ല തുടക്കവും ഒടുക്കവും ഉണ്ടാവുമല്ലോ.

ബി. "അമ്മതൻ മണിക്കുട്ടൻ പൂത്തിരിക്കത്തിച്ചപോ-
ലമ്മലർ ചെണ്ടൊന്നൊടിച്ചാഹ്ലാദിച്ചടുത്തെത്തി."

*-മാമ്പഴം വൈലോപ്പിള്ളി*

'മാമ്പഴം' എന്ന കവിതയിലെ കുട്ടിയെ പൂത്തിരി കത്തിച്ചപോലെ എന്നാണല്ലോ വൈലോപ്പിള്ളി വിളിച്ചത്. കുട്ടിയുടെ സന്തോഷം എന്ന മാനസികാവസ്ഥയെയാണ് കവി ഇവിടെ ഉദ്ദേശിക്കുന്നത്. അശ്വതിയെ പറിച്ചു നട്ടതിനുശേഷം വെള്ളം കിട്ടാത്തതിനാൽ വാടിപ്പോയ ഒരു ചെടിയോടാണ് കഥാകൃത്ത് ഉപമിക്കുന്നത്. താഴെ പറയുന്നവയിൽ അശ്വതിയുടെ മാനസികാവസ്ഥ ഏതാണ്.

(കോപം, അത്ഭുതം, സന്താപം, സന്തോഷം)

പ്രവർത്തനം 4

'കഷ്ടിച്ച് ആറോ ഏഴോ വയസ്സുമാത്രം മതിക്കുന്ന ആ പെൺകുട്ടിക്ക് പറിച്ചുനട്ടതിനു ശേഷം വെള്ളം കിട്ടാത്തതിനാൽ വാടിപ്പോയ ഒരു ചെടിയുടെ ദൈന്യതയുണ്ടായിരുന്നു.' അശ്വതിയെക്കുറിച്ച് കഥാകൃത്ത് ഇങ്ങനെ പറയുന്നതിൽ നിന്നും എന്തൊക്കെയാണ് നമുക്കു കണ്ടെത്താൻ കഴിയുക?

മറ്റെന്തൊക്കെ സവിശേഷതകളാണ് അശ്വതി എന്ന കഥാപാത്രത്തിനുള്ളത്?

ഇതുപോലുള്ള കഥാപാത്രങ്ങളെ, മറ്റു കഥകളിൽ നിന്നോ, സിനിമയിൽ നിന്നോ പരിചയപ്പെട്ടിട്ടുണ്ടോ?

എ. അശ്വതി എന്ന കഥാപാത്രത്തിന്റെ വേഷം, സ്വഭാവം, കഥയിലെ സ്ഥാനം എന്നിവ ഉൾപ്പെടുത്തി ഒരു കഥാപാത്ര നിരൂപണം തയാറാക്കുക. ഒന്നരപ്പുറത്തിൽ കവിയരുത്. മുകളിലെ ചോദ്യങ്ങൾ പരിഗണിക്കണം. ഉചിതമായ തലക്കെട്ട് നൽകണം.

ബി. ബിലാത്തി വിശേഷം, മതിലുകൾ, രണ്ടിടങ്ങഴി, കയർ, ഗൗരി - ഇവയിൽ ഏതാണ് ടി.പത്മനാഭന്റെ കൃതി.

പ്രവർത്തനം 5

'കുഞ്ഞു മനുഷ്യാ നിന്നുടെ പാദം
എന്നുടെ മേനിയിൽ തൊട്ടപ്പോൾ
എന്റെ മനസ്സിൽ നീയൊരു പുത്തൻ
വെള്ളിത്താമര തീർത്തല്ലോ

ഇനിയൊരു ചാന്ദ്ര ദിനത്തിൽ ഞങ്ങൾ
നല്ലൊരു പേടകമുണ്ടാക്കി
ശൂന്യാകാശ സമുദ്രം താണ്ടി
നിന്നുടെയരികിൽ വന്നോട്ടേ

ശങ്കിക്കേണ്ടാ, ശങ്കിക്കേണ്ടാ
എന്റെയടുക്കൽ വന്നോളൂ
നക്ഷത്രപ്പൂവൊത്തിരിയൊത്തിരി
കൈകളിൽ നൽകാം ചങ്ങാതീ'

- *ഇർഫാന.പി.ടി.*

എ. കവിത വായിച്ചല്ലോ? നിങ്ങൾക്കുമില്ലേ അമ്പിളിമാമനിൽ കാലുകുത്താനൊരു മോഹം? സ്കൂളിലെ സയൻസ് ക്ലബ്ബിനു കീഴിൽ ചന്ദ്രനിലേക്കൊരു യാത്ര നടത്തുന്നുവെന്ന് സങ്കൽപ്പിച്ച് ഒരു കഥ തയ്യാറാക്കുക. ഒന്നര പുറത്തിൽ കവിയരുത്. തലക്കെട്ട് കഥയ്ക്കു യോജിച്ചതായിരിക്കണം. തുടക്കവും ഒടുക്കവും പുതുമയുള്ളതായിരിക്കുമല്ലോ.

ബി. നക്ഷത്രം എന്ന പദത്തിനു പകരം മറ്റൊരു പദം എഴുതാമോ?